ഗിഫ്റ്റ് നൽകുന്ന കാര്യം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് നൽകുവാൻ പാടില്ലായെന്ന് 24-6-1980-ൽ സർക്കുലർ നമ്പർ 45/80 പ്രകാരവും ടി പ്രവണത വീണ്ടും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20-1-2000-ൽ 6/00 നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) അംഗങ്ങൾക്ക് ഗിഫ്റ്റ് നൽകുവാൻ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും വ്യവസ്ഥയില്ല. ആയതിനാൽ അതു സംബന്ധിച്ച് മാനദണ്ഡങ്ങളും നിലവിലില്ല.

(സി) നിയമപ്രകാരമല്ലാതെ ചെലവഴിക്കുന്ന തുകകൾ എല്ലാം ആഡിറ്റിൽ തടഞ്ഞു വയ്ക്കാറുണ്ട്.

(ഡി) പരിശോധന നടത്തി, നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയതിനുശേഷം ഇക്കാര്യത്തിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

സഹകരണ വകുപ്പിന് കീഴിൽ അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ

36(2286) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര അപ്പെക്സ് സഹകരണ സ്ഥാപനങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിലുള്ള അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ എത്ര എൽ.ഡി. ക്ലാർക്ക്/സമാനതസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സഹകരണ വകുപ്പിലെ അപ്പെക്സ് സൊസൈറ്റിയിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിലെ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഉദ്യോഗാർത്ഥികൾക്ക് എപ്പോൾ നിയമനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ 10 അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്.

(ബി) റിക്രൂട്ട്മെന്റ് റൂൾസിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ച കേരള സംസ്ഥാന സഹകരണ ബാങ്ക്, എസ്.സി/എസ്.റ്റി. ഫെഡറേഷൻ, ഹൗസിംഗ് ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളിൽ എൽ.ഡി. ക്ലാർക്ക് സമാന തസ്തികകളിൽ 93 ഒഴിവുകൾ നിലവിലുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി ഒഴിവുകളുടെ എണ്ണം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭിച്ചാലുടനെ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പബ്ലിക് സർവ്വീസ് കമ്മിഷൻ പരീക്ഷ നടത്തി അഡ്വൈസ് മെമ്മോ അയയ്ക്കുന്ന മുറയ്ക്ക് അതാത് സ്ഥാപനങ്ങൾ നിയമനം നടത്തുന്നതാണ്.

സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് പുതുക്കിയ ശമ്പളക്കരാറനുസരിച്ച് ക്ഷാമബത്ത അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

37(2289) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് 2007 മാർച്ച് മാസം കാലാവധി അവസാനിച്ച മുൻ ശമ്പളക്കരാർ പ്രകാരം ലഭിച്ചുകൊണ്ടിരുന്ന എന്തെങ്കിലും ആനുകൂല്യങ്ങൾ 23-12-2010-ലെ സർക്കാർ ഉത്തരവിലൂടെ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നഷ്ടമായത് എന്ന് അറിയിക്കുമോ ;

(സി) സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് പുതുക്കിയ ശമ്പളക്കരാറനുസരിച്ച് ക്ഷാമബത്ത അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്നു വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാർക്ക് രണ്ടുതരം ക്ഷാമബത്ത അനുവദിച്ച് ഉത്തരവിറക്കിയത് നിയമാനുസൃതമാണോ ;

(ഇ) 2007 മാർച്ചിൽ അവസാനിച്ച ശമ്പള പരിഷ്കരണത്തിൽ നിന്നും 23-12-2010-ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ശമ്പളത്തിൽ കുറവ് വരുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ അതതുകാലം നിയോഗിക്കുന്ന കമ്മിറ്റിയാണ് സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നത്. സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി അടക്കമുള്ള വസ്തുതകൾ പരിഗണിച്ചുകൊണ്ടുള്ള ശിപാർശ ആയതിനാൽ കേവലം മുൻകാലങ്ങളിലെ ആനുകൂല്യങ്ങളുടെ തുടർച്ചയോ വർദ്ധനവോ മാത്രമല്ല ശമ്പള പരിഷ്കരണം. 2010-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചത് ടി കമ്മിറ്റിയുടെ ശിപാർശകൾ അതേപടി അംഗീകരിച്ചുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly